**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2272** **21-06-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ സ്റ്റോറുകളിലെ അവശ്യസാധനങ്ങളുടെ ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും മാവേലി സ്റ്റോറുകളിലും സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും മാവേലി സ്റ്റോറുകളിലും സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളിൽ ചില ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവുണ്ടെങ്കിലും സബ്സിഡി ഇതര നിരക്കിലുള്ള അവശ്യ സാധനങ്ങൾ, എഫ്.എം.സി.ജി. ഇനങ്ങൾ, സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം സാധനങ്ങൾ എല്ലാം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സപ്ലൈകോയുടെ വിൽപ്പനശാലകളിൽ സബ്സിഡി, ഫ്രീസെയിൽ നിരക്കുകളിൽ വിൽപ്പന നടത്തുന്ന അവശ്യ സാധനങ്ങൾ സപ്ലൈകോ ഇ-ടെണ്ടർ/ഇ-ലേലം നടപടികളിലൂടെയാണ് ലഭ്യമാക്കുന്നത്. ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്ന വിതരണക്കാർ പർച്ചേസ് ഓർഡർ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഡിപ്പോകളിൽ എത്തിച്ചുനൽകുകയാണ് ചെയ്തുവരുന്നത്. സപ്ലൈകോയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ചിലഘട്ടങ്ങളിൽ വിതരണക്കാർക്ക് സമയബന്ധിതമായി ബിൽ തുകകൾ നൽകുവാൻ കഴിയാതെ വന്നതുമൂലം അവർ ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് വിട്ടു നിൽക്കാറുണ്ട്. |
| (ബി) | നിത്യോപയോഗ സാധനങ്ങളുടെ വിതരണം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിതരണ ക്കാരുമായി ചർച്ചകൾ നടത്തുന്നുണ്ട്. സർക്കാരിൽ നിന്നും വിപണിയിടപെടലിനായി ലഭ്യമാക്കിയ തുക വിതരണക്കാർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ ചില വിതരണക്കാർ ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കു ന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ